വെറ്റില, പയർ വർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗങ്ങൾ, കരിമ്പ്, നെല്ല് എന്നീ വിളകൾക്കാണ് ഇൻഷ്വറൻസ് സംരക്ഷണം ഏർപ്പെടുത്തിയിട്ടുള്ളത്.

(ബി) ഈ പദ്ധതിയിൽ കൂടുതൽ വിളകളെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല.

(സി) ചെറുകിട കർഷകർക്ക് ഇപ്പോൾ തന്നെ ഈ പദ്ധതിയിൽ അംഗമാകാം.

97 (1033) കാർഷിക ഇൻഷ്വറൻസ് പദ്ധതി

<u>ശ്രീമതി ആർ. ലതാദേവി</u> : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കർഷക ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിലേയ്ക്ക് എത്ര അപേക്ഷകൾ ലഭിച്ചു എന്നത് അറിയിക്കുമോ;

(ഡി) അപേക്ഷാഫാറം ലഭിക്കാത്തതുകൊണ്ടും ഇതിനെക്കുറിച്ച് അറിയാത്തതുകൊണ്ടും ധാരാളം കൃഷിക്കാർക്ക് അപേക്ഷിക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ കർഷക സംഘടനകളുമായി കൂടിയാലോചന നടത്താൻ ഉദ്ദേശമുണ്ടോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകരുടെ ക്ഷേമം മുൻനിർത്തി കർഷക രക്ഷാ പദ്ധതി എന്ന ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നു. 18-നും 70-നും മദ്ധ്യേ പ്രായമുള്ള 10 ലക്ഷം കർഷകർക്ക് അംഗത്വം നൽകുന്നതാണ്. രണ്ട് ഹെക്ടർവരെ കൃഷിഭൂമി കൈവശമുള്ള കൃഷി.ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളവർക്ക് അംഗത്വം ലഭിക്കും. പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്.

1. എല്ലാ വിധ അപകടമരണവും	ഒരു ലക്ഷം രൂപ
2. പൂർണ്ണമായ അംഗവൈകല്യം	ഒരു ലക്ഷം രൂപ
3. രണ്ടു കാലുകൾ/കൈകൾ/ കണ്ണുകൾ നഷ്ടം	ഒരു ലക്ഷം രൂപ
4. ഒരു കൈ/കാൽ/കണ്ണ് നഷ്ടം	50,000 രൂപ
5. അപകടത്തിൽ മരിക്കുന്ന അംഗത്തിന്റെ രണ്ടു കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം	5,000 രൂപ വീതം
6. അപകടത്തിൽ മരിക്കുന്ന അംഗ	

LIBRARY ARCHIVES Kerala Legislative Assembly

ത്തിന്റെ രണ്ടു പെൺകുട്ടികളുടെ
വിവാഹത്തിന് ധനസഹായം 5,000 രൂപ വീതം

7. അപകടത്തിൽ മരണപ്പെടുന്ന
അംഗത്തിന്റെ ശവശരീരം
വീട്ടിൽ എത്തിക്കുന്നതിന് ധനസഹായം 1,000 രൂപ

8. മരണമടയുന്ന അംഗത്തിന്റെ ശവ
സംസ്കാരചടങ്ങിന് ധനസഹായം 1,000 രൂപ

9. ഗുരുതരമായി മുറിവേൽക്കപ്പെടുന്ന
അംഗത്തിന്റെ ശുശ്രൂഷാച്ചെലവിന്
ധനസഹായം 5,000 രൂപ.

(സി-ഇ) പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച വിശദമായ നിർദ്ദേശങ്ങൾ കൃഷിഭവനുകൾക്ക് നൽകിയിട്ടുണ്ട്. ജൂലൈ 5 മുതൽ 20 വരെ കൃഷിഭവനുകളിൽ അപേക്ഷകൾ സ്വീകരിക്കുന്നതാണ്. ആവശ്യമായ അപേക്ഷാ ഫാറങ്ങൾ അച്ചടിച്ചു വിതരണം ചെയ്യുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇനിയൊരു ചർച്ച ആവശ്യമാണെന്ന് തോന്നുന്നില്ല.

98(1064) കർഷകർക്ക് ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിനുള്ള പദ്ധതി

ശ്രീ. സി.എഫ്. തോമസ് :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കർഷകർക്കുവേണ്ടി 'കർഷകരക്ഷ' എന്ന പേരിൽ ഇൻഷ്വറൻസ് പദ്ധതി ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) കാർഷികമേഖലയെപ്പറ്റി പഠനം നടത്തുന്നതിന് നിയോഗിച്ചിരുന്ന ശ്രീ. എം. പി. മേനോൻ കമ്മീഷന്റെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഈ റിപ്പോർട്ടിൻമേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകരുടെ ക്ഷേമം മുൻനിർത്തി ന്യൂ ഇന്ത്യാ അഷ്വറൻസ് കമ്പനി ലിമിറ്റഡുമായി ചേർന്നുകൊണ്ട് നടപ്പാക്കുന്ന പദ്ധതിയിൽ 18 നും 70 നും മധ്യേ പ്രായമുള്ള 10 ലക്ഷം കർഷകർക്ക് അംഗത്വം നൽകുന്നതാണ്. രണ്ട് ഹെക്ടർ വരെ കൃഷിഭൂമി കൈവശ

LIBRARY ARCHIVES Kerala Legislative Assembly